# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2090 — 19.06.2012-ൽ മറുപടിയ്ക്ക്

### കാട്ടുതീ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) കഴിഞ്ഞ ഫയർ സീസണിൽ സംസ്ഥാനത്തെ കാട്ടുതീ തടയുന്നതിന് ആകെ എത്ര രൂപ ചെലവായി ; | എ) കഴിഞ്ഞ ഫയർ സീസണിൽ സംസ്ഥാനത്തെ കാട്ടുതീ തടയുന്നതിന് ആകെ 1102.74 ലക്ഷം രൂപ ചെലവായി. |
| ബി) പ്രസ്തുത സീസണിൽ കാട്ടുതീമൂലം കേരളത്തിലെ എത്ര ഹെക്ടർ വനഭൂമി യാണ് നശിച്ചതെന്ന് വ്യക്തമാക്കുമോ ; | ബി) കഴിഞ്ഞ ഫയർ സീസണിൽ സംസ്ഥാനത്ത് 6055.567 ഹെ.വനപ്രദേശത്ത് കാട്ടുതീ ഉണ്ടായിട്ടുള്ളതായി കണക്കാക്കിയി ട്ടുണ്ട്. പക്ഷേ വനം നശിച്ചിട്ടില്ല. |
| സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം വനസസംരക്ഷണവുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം വനസംരക്ഷണവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന പുതിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>1. കാസർകോട് ജില്ലയിലെ വനസംരക്ഷണം ശക്തിപ്പെടുത്തുന്നതിനായി, ഒരു വനം ഡിവിഷൻ കാസർകോഡ് ആസ്ഥാനമായി പുതുതായി ആരംഭിച്ചു.<br>2. മണ്ണ് -ജല സംരക്ഷണത്തിനു വേണ്ടി 50 തടയണകൾ നിർമ്മിക്കുവാനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.<br>3. പാട്ടക്കാലാവധി കഴിഞ്ഞതും പാട്ടക്കരാർ ലംഘനം നടത്തിയതുമായ എസ്റ്റേറ്റുകൾ സർക്കാരിലേക്ക് തിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

4. വനാവരണം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.

5. വന സംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് മോഡൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

6. തടി മില്ലുകൾ നിയന്ത്രിക്കുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിച്ച് നടപ്പിലാക്കിവരുന്നു.

7. വന്യമൃഗങ്ങൾമൂലമുള്ള കൃഷിനാശം

കുറയ്ക്കുന്നതിനായി 8 റാപ്പിഡ് റസ്പോൺസ് ടീമുകൾ രൂപീകരിച്ചു

സെക്ഷൻ ഓഫീസർ